# കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി

**1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടത് രജി നം.S.60 of 1975**

എ) 4-969/2023/കെ.എ).എസ്.ആർ.എസ് തീയ്യതി: 03/06/2023

## റീ-ടെണ്ടർ പരസ്യം

കോട്ടക്കൽ കേരളാ ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ച് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ താഴെ പറയുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്ത അംഗീകൃത കരാറുകാറിൽ നിന്നും, പ്രവൃത്തിയുടെ പേർ ആലേഖനം ചെയ്തിട്ടുള്ള മുദ്രവച്ച മത്സര സ്വഭാവമുള്ള ടെണ്ടറുകൾ രജിസ്ട്രേഡ്/ സ്പീഡ് പോസ്റ്റ്/ കൊറിയർ മുഖേന ക്ഷണിക്കുന്നു, ടെണ്ടർ ഫോറവും, ഷെഡ്യൂളുകളും മറ്റു വിവരങ്ങളും www.kasrs.org, www.kottakkalayurvedacollege.ac.in, എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭ്യമാണ്. കേരള പൊതുമരാമത്ത് വകുപ്പിന്റെ/ സൊസൈറ്റിയുടെ മാർഗ നിർദ്ദേശങ്ങൾ ഇതിന് ബാധകമാണ്. . ടെണ്ടർ സമർപ്പിക്കുന്നതിനുള്ള ഫീസ് , നിരത ദ്രവ്യം എന്നിവ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ ഏതെങ്കിലും പൊതുമേഖല ബാങ്കിന്റെ കോട്ടക്കൽ ശാഖയിൽ മാറാവുന്ന <u>ഡിമാന്റ് ഡ്രാഫ്റ്റുകളായി</u> ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. എല്ലാ കരാറുകാരും പ്രാഥമിക എഗ്രിമെന്റ് **200/-** രൂപയുടെ മുദ്രപത്രത്തിൽ ടെണ്ടറുകളുടെ കൂടെ വെക്കേണ്ടതാണ്. <u>കരാറുകാരന്റെ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, പാൻകാർഡിന്റെ കോപ്പി, GST</u> രജിസ്ട്രേഷന്റെ കോപ്പി എന്നിവ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | ടെണ്ടർ / ഫയൽനമ്പർ | പ്രവൃത്തിയുടെ പേര് | മൊത്തം അടങ്കൽ തുക(GST ഉൾപ്പെടാതെ | നിരത ദ്രവ്യം | ടെണ്ടർ സബ്മിഷൻ ഫീസ് | പ്രവൃത്തി യുടെ കാലാവധി | കരാറുകാരന്റെ തരം | ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതി സമയം |
|---|---|---|---|---|---|---|---|---|
| 1 | 01/2023-24 KASRS 969/2023/KASRS | വി.പി.എസ്.വി ആയുർവ്വേദ കോളേജ് വനിതാ ഹോസ്റ്റലിലെ ബാത്ത് റൂം നവീകരണ പ്രവൃത്തി | **84,718/-** | **2150** | **500** | **1 മാസം** | ഡി -യും അതിനു മുകളിലും | 17/06/2023 2PM |

ഡൌൺലോഡ് ചെയ്തെടുത്ത് പൂരിപ്പിച്ച ടെണ്ടറുകൾ രജിസ്ട്രേഡ്/ സ്പീഡ് പോസ്റ്റ് മുഖേനയോ അംഗീകൃത കൊറിയർ സർവീസുകൾ മുഖേനയോ മാത്രമേ സ്വീകരിക്കുകയുള്ളൂ. പ്രവൃത്തികളുടെ ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 17/06/2023 ഉച്ചക്ക് ശേഷം 2.00 മണി വരെ ആയിരിക്കും. ലഭിച്ച ടെണ്ടറുകൾ 17/06/2023 ഉച്ചക്ക് ശേഷം 3.00 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ /എക്സിക്യൂട്ടീവ് ഡയറക്ടർ അവർ അധികാരപ്പെടുത്തിയ ആളോ തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ടെണ്ടറുകൾ തുറക്കുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുറക്കുന്നതായിരിക്കും. മേൽ വിവരിച്ച തിയ്യതികളിൽ ആവശ്യമെന്നു കണ്ടാൽ ഭേദഗതി വരുത്തുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ /എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. യാതൊരു കാരണവും പറയാതെ ടെണ്ടറുകൾ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ /എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**